യാഥാസ്ഥിതികവിഭാഗം എതിരായിരിക്കും. അവരുടെ എതിർപ്പിന്റെ ശക്തി കുറയ്ക്കേണ്ടതെങ്ങനെ എന്ന് ആലോചിക്കേണ്ടതാണ്. ആൺകുട്ടികളും പെൺകുട്ടികളുമടങ്ങിയ ക്ലാസുകളിൽ അശ്ലീലഛായ വരാതെ ഈ വിഷയം ചർച്ചചെയ്യാൻ പ്രയാസം കണ്ടേക്കാം. പക്ഷേ, ജനസംഖ്യാപ്രശ്നത്തിന്റെ താത്ത്വികവശങ്ങൾ ഇത്തരം ക്ലാസുകളിൽ പ്രതിപാദിക്കുക പ്രയാസമുള്ള കാര്യമല്ല. അതേ സമയം, ഗർഭനിരോധത്തിന്റെ പ്രായോഗികവശങ്ങൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രമുഖ ഘടകമായിരിക്കേണ്ടതാണ്. തന്റെ ശരീരം എങ്ങനെ ഉപയോഗിക്കപ്പെടണം എന്ന കാര്യത്തിൽ ആത്യന്തികമായ തീരുമാനം എടുക്കാനുള്ള അർഹതയും ഉത്തരവാദിത്വവും സ്ത്രീയ്ക്കാണല്ലോ.

(1989 ജനുവരി 25-ാം തീയതി കോഴിക്കോട് സർവകലാശാലയിൽ നടന്ന ഒരു സെമിനാറിൽ അവതരിപ്പിച്ചത്).

# 10. വ്യാകരണ പരിഭാഷകൾ

വൈദികസംസ്കൃതത്തെ കുറിക്കുന്നതിന് 'ഛന്ദസ്' എന്ന പദവും ലൗകികസംസ്കൃതത്തെ കുറിക്കുന്നതിന് 'ഭാഷ' എന്ന പദവും പാണിനി ഉപയോഗിക്കുന്നു. ഒരേ ഭാഷയുടെ രണ്ടു ശൈലീഭേദങ്ങൾ ആയിട്ടാണ് പാണിനി വൈദിക–ലൗകിക സംസ്കൃതങ്ങളെ പരിഗണിച്ചിരുന്നത്. ഇവ രണ്ടിനും പൊതുവിലുള്ള വ്യാകരണമാണ് പാണിനിയുടെ അഷ്ടാധ്യായി സൂത്രപാഠം. രണ്ടു ശൈലീഭേദങ്ങൾക്കും പൊതുവായ നിയമങ്ങൾ സാമാന്യമായി പ്രതിപാദിക്കുന്നതിനിടയ്ക്കു ഭാഷയിൽനിന്നു വ്യതിരിക്തമായി ഛന്ദസ്സിലോ ഛന്ദസ്സിൽനിന്നു വ്യതിരിക്തമായി ഭാഷയിലോ ഉള്ള സവിശേഷതകൾ അതാതിടങ്ങളിൽ പാണിനി എടുത്തു പറയുന്നു.

പേരു സൂചിപ്പിക്കുന്നതുപോലെ സൂത്രങ്ങളുടെ രൂപത്തിലാണ് പാണിനി തന്റെ വ്യാകരണഗ്രന്ഥം നിബന്ധിച്ചിട്ടുള്ളത്.

'അല്പാക്ഷര മസന്ദിഗ്ദ്ധം സാരവദ്വിശ്വതോ മുഖം
അസ്തോഭ മനവദ്യം ച സൂത്രം സൂത്രവിദോ വിദുഃ'

എന്നതാണ് അതിപ്രസിദ്ധമായ സൂത്രവിവരണം. പാണിനിയുടെ വ്യാകരണസൂത്രങ്ങൾക്കു പുറമേ ഗൗതമാദികളുടെ ധർമസൂത്രങ്ങൾ, ജൈമിനിയുടെ പൂർവമീമാംസാസൂത്രങ്ങൾ, ബാദരായണന്റെ ബ്രഹ്മസൂത്രങ്ങൾ, കണാദന്റെ വൈശേഷികസൂത്രങ്ങൾ, ഗൗതമന്റെ ന്യായസൂത്രങ്ങൾ, കപിലന്റെ സാംഖ്യസൂത്രങ്ങൾ, പതഞ്ജലിയുടെ യോഗസൂത്രങ്ങൾ, കൗടല്യന്റെ അർത്ഥശാസ്ത്രം, വാത്സ്യായനന്റെ കാമശാസ്ത്രം, നാരദന്റെ ഭക്തിസൂത്രങ്ങൾ മുതലായവയും സൂത്രരൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്നു.

മുമ്പ് ഉദ്ധരിച്ച സൂത്രവിവരണ പദ്യത്തിലെ ആദ്യപദം 'അല്പാക്ഷരം' എന്നതാണല്ലോ. അക്ഷരസംക്ഷേപണവിഷയത്തിൽ പാണിനി മററു സൂത്രകാരന്മാരെക്കാൾ എത്രയോ മുന്നിലാണ്. 'അർദ്ധമാത്രാലാഘവേന പുത്രോത്സവം മന്യന്തേ വൈയാകരണാഃ' എന്ന ചൊല്ല് ഏറെ പ്രസിദ്ധമാകുന്നു. സാധാരണ വാക്യങ്ങളിലുള്ളതുപോലെ ക്രിയാപദമോ കർതൃകർമാദികാരകങ്ങളോ സൂത്രവാക്യങ്ങളിൽ കാണുകയില്ല. അർത്ഥപൂർത്തിക്കായി അവയിൽ പല പദങ്ങളും പൂർവസൂത്രങ്ങളിൽനിന്ന് അനുവർത്തിക്കുകയോ സന്ദർഭാനുസൃതമായി അധ്യാഹരിക്കുകയോ വേണം. ഇതിനും പുറമേ സൂത്രങ്ങളിൽ അക്ഷരം ചുരുക്കുന്നതിനായി പാണിനി പല സംജ്ഞകളും പരിഭാഷകളും ഉപയോഗപ്പെടുത്തുന്നു. ധാതു, പ്രാതിപദികം, പ്രത്യയം, പദം, അംഗം, സമാസം, സർവനാമം, പ്രഗൃഹ്യം, ആമ്രേഡിതം, അഭ്യാസം, ഗുണം, വൃദ്ധി, ഹ്രസ്വം, ദീർഘം, പ്ലുതം, സംയോഗം, സവർണം,

ലോപം, ദ്വിർവചനം, സംപ്രസാരണം, നിപാതം മുതലായ സാർത്ഥകങ്ങളായ പ്രാചീനസംജ്ഞകൾക്കു പുറമെ ടി, ഘു, ഭം, ഘി മുതലായ സൈ്വച്ഛികന്യൂതന സങ്കേതങ്ങളും അച്, ഹല് മുതലായ പ്രത്യാഹാരങ്ങളും പാണിനി ഉപയോഗപ്പെടുത്തുന്ന സംജ്ഞകളിൽപ്പെടുന്നു. സംജ്ഞകൾകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെന്നറിയാതെ സൂത്രങ്ങളുടെ അർത്ഥബോധം ഉണ്ടാവുകയില്ലെന്നു പറയേണ്ടതില്ല.

സൂത്രങ്ങളുടെ അർത്ഥബോധത്തിനു സംജ്ഞാർത്ഥബോധംപോലെ പരിഭാഷാജ്ഞാനവും ഉപകരിക്കുന്നു. സൂത്രങ്ങളെ എങ്ങനെ വ്യാഖ്യാനിക്കണം എന്നതു സംബന്ധിച്ച നിയമങ്ങളാണു പരിഭാഷകൾ എന്നു സാമാന്യമായിപ്പറയാം.

'ഏകദേശ സ്ഥിതാ സർവഭവനേ യാതി ദീപതാം
പരിതോ വ്യാപൃതാം ഭാഷാം പരിഭാഷാം പ്രചക്ഷതേ'

എന്നു പരിഭാഷാപദം നിർവചിക്കപ്പെട്ടിട്ടുണ്ട്. ഗ്രന്ഥത്തിനു മുഴുവൻ പ്രയോജനകരമായ വസ്തുതാകഥനമാണു പരിഭാഷ. 'അനിയമേ നിയമകാരിണീ പരിഭാഷാ' എന്നതാണു സരളമായ മറ്റൊരു പരിഭാഷാനിർവചനം. നിയമം (ഉദാ: പതിഃ സമാസ ഏവ), നിഷേധം (ഉദാ: ന പദാന്ത ദ്വിർവചന....), അപവാദം (ഉദാ: വൃദ്ധിരേചി), സംജ്ഞ (ഉദാ: സർവാദീനി സർവനാമാനി) എന്നിവയിൽനിന്നു പരിഭാഷയെ വ്യാവർത്തിക്കുന്നതിനായി 'ലക്ഷ്യധർമിക സാധുത്വ പ്രകാരകവിധി ശാസ്ത്രജന്യ ശാബ്ദബോധീയ ന്യൂനാധികവൃത്തി വികാസസങ്കോചകത്വം പരിഭാഷാത്വം', 'ലക്ഷ്യധർമിക സാധുത്വ പ്രകാരകാപ്രാമാണ്യ ജ്ഞാനാനാസ്കന്ദിത ബോധോപയോഗി ബോധജനകത്വം പരിഭാഷാത്വം', 'സങ്കേത ഗ്രാഹകഭിന്നത്വേസതിശബ്ദ ധർമിക സാധുത്വപ്രകാരക ശാസ്ത്രജന്യാപ്രാമാണ്യജ്ഞാനാനാസ്കന്ദിത ബോധേ സഹകാരിത്വേന മുന്യഭിപ്രേതത്വേ സതിപാണിന്യുച്ചരിതഭിന്നത്വം' എന്നും മറ്റും വ്യാഖ്യാതാക്കൾ പരിഭാഷാലക്ഷണം പരിഷ്കരിച്ചിട്ടുണ്ട്. അധികാരം, പരിഭാഷ എന്നിവ തമ്മിലുള്ള വ്യത്യാസം മഹാഭാഷ്യകാരൻ ഇങ്ങനെ സ്പഷ്ടമാക്കിയിരിക്കുന്നു: 'കഃ പുനരധികാര പരിഭാഷയോർവിശേഷഃ? അധികാരഃ പ്രതിയോഗംതസ്യ അനിർദേശാർത്ഥ ഇതി യോഗേ യോഗേ ഉപതിഷ്ഠതേ. പരിഭാഷാ പുനരേകദേശസ്ഥാ സതീ സർവ്വം ശാസ്ത്രം അഭിജ്വലയതി പ്രദീപവത്. തദ്യഥാ പ്രദീപഃ സുപ്രജ്വലിത ഏകദേശസ്ഥഃ സർവം വേശ്മാഭിജ്വലയതി.'

(മഹാഭാഷ്യം 2–1–1)

## പരിഭാഷാസൂത്രങ്ങൾ

പാണിനിയുടെ സൂത്രങ്ങളിൽ ചിലവ പരിഭാഷകളാണ്. ഇവ പ്രധാനമായി അഷ്ടാധ്യായിയുടെ ഒന്നാമദ്ധ്യായത്തിൽ ചിതറിക്കിടക്കുന്നു. അഷ്ടാദ്ധ്യായിയിലെ പാഠക്രമമനുസരിച്ച് സൂത്രങ്ങളെ വ്യാഖ്യാനിക്കുന്നവയാണ് മഹാഭാഷ്യം, കാശിക മുതലായ ഗ്രന്ഥങ്ങൾ. പ്രക്രിയാകൗമുദി, സിദ്ധാന്തകൗമുദി, പ്രക്രിയാസർവസ്വം മുതലായ ഗ്രന്ഥങ്ങൾ വിഷയക്രമമനുസരിച്ച് അഷ്ടാദ്ധ്യായിയിലെ സൂത്രങ്ങളെ പുനസ്സംവിധാനംചെയ്തു വ്യാഖ്യാനിക്കുന്നു. ഇത്തരം ഗ്രന്ഥങ്ങളിൽ 'സംജ്ഞാപ്രകരണം' എന്ന പേരിൽ ഏതാനും സംജ്ഞാസൂത്രങ്ങളും 'പരിഭാഷാപ്രകരണം' എന്ന പേരിൽ ഏതാനും പരിഭാഷാസൂത്രങ്ങളും തുടക്കത്തിൽത്തന്നെ ഉദ്ധരിച്ചു വ്യാഖ്യാനിക്കുന്നു. സിദ്ധാന്തകൗമുദിയിലെ പരിഭാഷാപ്രകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിഭാഷാസൂത്രങ്ങൾ ഇവയാണ്: ഇകോ ഗുണവൃദ്ധി (1–1–3), അചശ്ച (1–2–28), ആദ്യന്തൗ ടകിതൗ (1–1–46), മിദചോന്ത്യാത്പരഃ (1–1–47), ഷഷ്ഠീസ്ഥാനേ യോഗാ (1–1–49), സ്ഥാനേന്തരതമഃ (1–1–50), തസ്മിന്നിതി നിർദിഷ്ടേ പൂർവസ്യ (1–1–66), തസ്മാദിത്യുത്തരസ്യ (1–1–67), അലോന്ത്യസ്യ (1–1–52), ങിച്ച (1–1–53), ആദേഃ പരസ്യ (1–1–54), അനേകാല്ശിത് സർവസ്യ (1–1–55), സ്വരിതേനാധികാരഃ (1–3–11). തുടർന്നു വരുന്ന സന്ധിപ്രകരണത്തിൽ ഉപയുക്തങ്ങളാണ്

ഇവ. പ്രക്രിയാസർവസ്വത്തിലെ പരിഭാഷാഖണ്ഡത്തിൽ ഇവയിലെ ചില സൂത്രങ്ങൾ ഉദ്ധരിച്ചിട്ടില്ല; മററു ചിലവ ഉദ്ധരിച്ചിട്ടുണ്ട്.

പ്രാചീനാചാര്യന്മാരുടെ ചില പരിഭാഷകളെ പാണിനി നിരാകരിച്ചിട്ടുണ്ട്. തദശിഷ്യം സംജ്ഞാപ്രമാണത്വാത് (അഷ്ടാദ്ധ്യായി 1–2–53), പ്രധാനപ്രത്യയാർത്ഥ വചനമർത്ഥസ്യാന്യ പ്രമാണത്വാത് (1–2–56), കാലോപസർജനേ ച തുല്യം (1–2–57) എന്നിവ ഇത്തരം നിരാകരണസൂത്രങ്ങളാകുന്നു. 'പഞ്ചാലാനാം (പഞ്ചാല സംജ്ഞകാനാം രാജ്ഞാം) നിവാസോ ജനപദഃ' എന്ന അർത്ഥത്തിൽ, പഞ്ചാലശബ്ദത്തിൽനിന്ന് 'തസ്യ നിവാസഃ' (4–2–69) എന്ന സൂത്രംകൊണ്ടു വിധിക്കുന്ന അൺ പ്രത്യയത്തിന് 'ജനപദേ ലുപ്' (4–2–81) എന്ന സൂത്രംകൊണ്ട് അദർശനം സംഭവിച്ചതിനുശേഷം പഞ്ചാലശബ്ദത്തിനു യുക്ത(പ്രകൃതി ശബ്ദ)ത്തിന്റേതുപോലെ വ്യക്തി (ലിംഗം), വചനം (സംഖ്യ) എന്നിവ വരും എന്ന് അനുശാസിക്കുന്ന 'ലുപിയുക്തവദ് വ്യക്തിവചനേ' (1–2–51) എന്ന സൂത്രം ആവശ്യമില്ലെന്നും ലിംഗം, സംഖ്യ എന്നിവയുടെ കാര്യത്തിൽ സംജ്ഞ (ലോകവ്യവഹാരം) ആണ് വ്യാകരണമല്ല പ്രമാണമെന്നുമാണ് ആദ്യത്തെ സൂത്രത്തിനർത്ഥം. 'പ്രധാനോപസർജനേ പ്രത്യയപ്രകൃത്യർഥൗ' എന്ന പൂർവാചാര്യ പരിഭാഷ നിരുപയോഗമാണെന്നും ലോകസിദ്ധമായ അർത്ഥത്തിന്റെ കാര്യം വ്യാകരണത്തിൽ ആലോചനാവിഷയമല്ലെന്നും രണ്ടാമത്തെ സൂത്രം വിശദമാക്കുന്നു. അതീതരാത്രിയുടെ അന്ത്യയാമവും ആഗാമിരാത്രിയുടെ ആദ്യയാമവും കൂടിയ ദിവസം അദ്യതനം. വിശേഷണം, ഉപസർജനം എന്നീ പ്രാചീന പരിഭാഷകളും ലോകസിദ്ധങ്ങളാകയാൽ നിരുപയോഗങ്ങളെന്ന് മൂന്നാമത്തെ സൂത്രം പറയുന്നു. പ്രാചീനകൃതികളെ പാണിനി നേരിട്ടു വിമർശിച്ചിട്ടുള്ളത് ഈ സൂത്രങ്ങളിൽ മാത്രമാണ്. സിദ്ധാന്തകൗമുദിയിൽ തദ്ധിതപ്രകരണത്തിലാണ് ഈ സൂത്രങ്ങൾ ഉദ്ധരിച്ചു വ്യാഖ്യാനിക്കുന്നത്. പ്രക്രിയാസർവസ്വത്തിൽ 'പ്രധാനപ്രത്യയാർത്ഥ വചനമർത്ഥസ്യാന്യ പ്രമാണത്വാത്' (1–2–56), 'കാലോപസർജനേ ച തുല്യം' (1–2–57) എന്നീ സൂത്രങ്ങൾ പരിഭാഷാപ്രകരണത്തിൽ ഉദ്ധരിച്ചു വ്യാഖ്യാനിച്ചിരിക്കുന്നു.

## നാനൂറോളം പരിഭാഷകൾ

അഷ്ടാദ്ധ്യായീ സൂത്രപാഠത്തിൽ പാണിനി നിബന്ധിച്ചിട്ടുള്ള പരിഭാഷകൾക്കു പുറമെ നാനൂറോളം പരിഭാഷകൾ പല സംസ്കൃത വ്യാകരണഗ്രന്ഥങ്ങളിലായി ചിതറിക്കിടപ്പുണ്ട്. ഇവയിൽ കുറെ എണ്ണം യുക്തി (ലൗകികന്യായ)സിദ്ധങ്ങളും മററു ചിലവ ശാസ്ത്രീയന്യായസിദ്ധങ്ങളുമാണ്. പാണിനിക്കു മുമ്പു ജീവിച്ചിരുന്ന വൈയാകരണന്മാരുടെ കൃതികളിൽ ഉൾപ്പെട്ടിരുന്ന പല പരിഭാഷകളും പാണിനി വാച്യമായോ വ്യംഗ്യമായോ അംഗീകരിച്ചു. പാണിനിക്കു ശേഷം കാത്യായനൻ തന്റെ വാർത്തികത്തിലും പതഞ്ജലി തന്റെ മഹാഭാഷ്യത്തിലും പ്രാചീന പരിഭാഷകൾ ഉദ്ധരിച്ച് അവയിൽ പാണിനീയസൂത്രങ്ങളുടെ അർത്ഥബോധത്തിന്നും അഭിമതങ്ങളായ സാധുശബ്ദങ്ങളുടെ നിഷ്പാദനത്തിന്നും ആവശ്യമായവയെ സ്വീകരിക്കുകയും ആവശ്യമില്ലാത്തവയെ തള്ളിക്കളയുകയുംചെയ്തു. പ്രാചീന പരിഭാഷകൾ ഇല്ലാത്തിടത്ത് ഈ രണ്ടു ഗ്രന്ഥകാരന്മാരും പുതിയ പരിഭാഷകൾ ഇദംപ്രഥമമായി നിർമിച്ചു. ഇവയെ 'വാചനികങ്ങൾ' എന്നു പറയുന്നു.

പൊതുവിൽ മൂന്നുതരം പ്രയോജനങ്ങളാണു പരിഭാഷകൾ വ്യാകരണത്തിൽ നിർവഹിച്ചിരുന്നത്.

1. പാണിനിയുടെ സൂത്രങ്ങൾ ശരിയായി വ്യാഖ്യാനിക്കാൻ അവ ആവശ്യമായിരുന്നു.

2. ഒരേ ലക്ഷ്യത്തിൽ പാണിനിയുടെ പല സൂത്രങ്ങൾ പ്രവർത്തിക്കാവുന്നതാണ്. ഇവയുടെ പ്രവർത്തനം പലപ്പോഴും പരസ്പരവിരുദ്ധമായ ഫലം ഉള

വാക്കിയെന്നുവരും. 'വിരോധമുള്ളപ്പോൾ സൂത്രപാഠത്തിൽ ഒടുക്കം പറഞ്ഞ കാര്യം ചെയ്യണം.' 'വിപ്രതിഷേധേ പരം കാര്യം' (1–4–2) എന്ന പാണിനിയുടെ പരിഭാഷ ഈ സന്ദർഭത്തിൽ പ്രസക്തമാണ്. പക്ഷേ, ഈ നിയമം അപര്യാപ്തമാകയാൽ വിപുലനം അർഹിക്കുന്നുണ്ട്. 'പരനിത്യാന്തരംഗാപവാദാനാം ഉത്തരോത്തരം ബലീയഃ' എന്ന പരിഭാഷ സാമാന്യമായി ചെയ്യുന്നതു് ഈ വിപുലനമാണ്.

3. ഇതെല്ലാമായാലും നടപ്പുള്ള പല പദപ്രയോഗങ്ങളും പാണിനീയസൂത്രങ്ങളുടെ പ്രവർത്തനത്തിലൂടെ ലഭിച്ചില്ലെന്നും നടപ്പില്ലാത്ത പല പ്രയോഗങ്ങളും ലഭിച്ചുവെന്നുംവരും. ഇത്തരം സന്ദർഭങ്ങളിൽ പാണിനീയസൂത്രങ്ങളുടെ അർത്ഥത്തിന്നു് ആവശ്യമായ സങ്കോചമോ വികാസമോ മാററമോ വരുത്തുന്നവയാണു ചില പരിഭാഷകൾ. ഈ മൂന്നുതരം പ്രയോജനങ്ങൾ നിർവഹിക്കുന്ന പരിഭാഷകളും വാർത്തികത്തിലും മഹാഭാഷ്യത്തിലും പല സന്ദർഭങ്ങളിലായി ചർച്ചചെയ്യപ്പെട്ടിരിക്കുന്നു. കാശിക, പ്രക്രിയാകൗമുദി, സിദ്ധാന്തകൗമുദി മുതലായ സൂത്രവ്യാഖ്യാനങ്ങളിലും ഇതേ മാതൃക തുടർന്നു് വ്യത്യസ്ത സന്ദർഭങ്ങളിൽ ഈ പരിഭാഷകൾ ഉദ്ധരിച്ചു വിവരിക്കുകയാണുചെയ്തിട്ടുള്ളതു്. എന്നാൽ, മേല്പുത്തൂർ നാരായണഭട്ടതിരി പ്രക്രിയാസർവസ്വത്തിലെ എട്ടാം ഖണ്ഡമായ ന്യായഖണ്ഡം സൂത്രേതര പരിഭാഷകളുടെ ചർച്ചയ്ക്കു നീക്കിവെച്ചിരിക്കുന്നു. ഈ പരിഭാഷകളെക്കുറിക്കാൻ 'ന്യായം' എന്ന സംജ്ഞയാണു് ഭട്ടതിരി ഉപയോഗിക്കുന്നതു്. 'പരിഭാഷ' എന്ന സംജ്ഞ പാണിനി നിർമിച്ച പരിഭാഷാസൂത്രങ്ങളിലേക്കു് ഭട്ടതിരി സംകോചിപ്പിച്ചിരിക്കുന്നു. ഈ ഖണ്ഡത്തിന്റെ രചനയിൽ ഭോജന്റെ സരസ്വതീകണ്ഠാഭരണമാണു് തനിക്കു മാർഗദർശകമെന്നു് ഭട്ടതിരി കണ്ഠതഃ പറഞ്ഞിട്ടുമുണ്ട്.

'ബഹൂപയുക്താ യുക്താ യേ രൂപസിദ്ധാവപി ക്വചിത്
താൻ ന്യായാനേകതോ വക്ഷ്യേ ഭോജരാജോക്തവർത്മനാ.'

എന്നതു് പ്രക്രിയാസർവസ്വത്തിലെ ന്യായഖണ്ഡത്തിന്റെ ഉപോദ്ഘാതപദ്യമാകുന്നു. ഈ പരിഭാഷകളും പാണിനീയപരിഭാഷകളും സരസ്വതീകണ്ഠാഭരണത്തിന്റെ ഒന്നാമദ്ധ്യായത്തിലെ രണ്ടാം പാദത്തിലാണു് ഭോജരാജൻ വ്യാഖ്യാനിക്കുന്നതു്. സരസ്വതീകണ്ഠാഭരണത്തിലുള്ള പരിഭാഷകൾക്കു പുറമെ മററു് ഉപാദാനങ്ങളിൽനിന്നു സ്വീകരിച്ച പതിന്നാലു ന്യായങ്ങളും ഈ ഖണ്ഡത്തിൽ ഭട്ടതിരി ചർച്ചചെയ്യുന്നുണ്ട്. ഇവയ്ക്കു പുറമെ ഉദാഹരണം പ്രദർശിപ്പിക്കാതെ വേറെ പത്തൊമ്പതു ന്യായങ്ങളും ഭട്ടതിരി ഉദ്ധരിച്ചിരിക്കുന്നു. 'സർവോ ദ്വന്ദ്വോ വിഭാഷയൈകവദ്ഭവതി', 'സർവേ വിധയശ്ഛന്ദസി വികല്പ്യന്തേ' മുതലായ ചില പരിഭാഷകൾ പ്രക്രിയാസർവസ്വത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടില്ല.

## പരിഭാഷാഗ്രന്ഥങ്ങൾ

വാർത്തികത്തിലും മഹാഭാഷ്യത്തിലും അവിടവിടെ ചിതറിക്കിടക്കുന്ന പരിഭാഷകൾ ആദ്യമായി സമാഹരിച്ചു് ഒരു ഗ്രന്ഥം നിർമിച്ചതു് 'സംഗ്രഹ'കർത്താവെന്നു വിഖ്യാതനായ വ്യാഡിയാണെന്നത്രെ പ്രസിദ്ധി. 'കേചിത്തു വ്യാഖ്യാനതോ വിശേഷപ്രതിപത്തിരിത്യാദി സർവാഃ പരിഭാഷാഃ വ്യാഡിമുനി വിരചിതാ ഇത്യാഹുഃ' എന്നു് 'ലഘുപരിഭാഷാവൃത്തി'യിൽ ഭാസ്കരഭട്ട അഗ്നിഹോത്രി പ്രസ്താവിക്കുന്നു. 'പരിഭാഷാസൂചനം' എന്ന പേരുള്ള ഈ അപ്രകാശിതഗ്രന്ഥത്തിൽ വ്യാഡി തൊണ്ണൂററിമൂന്നു പരിഭാഷകൾ ഉദ്ധരിച്ചു വിവരിക്കുന്നു (അഭ്യങ്കർ, പരിഭാഷേന്ദുശേഖരം, പുറം 4). വ്യാഡിയുടെ പാരമ്പര്യത്തിൽ രചിക്കപ്പെട്ടവയെന്നു വിശ്വസിക്കപ്പെടുന്ന വേറെയും ചില പരിഭാഷാസംഗ്രഹങ്ങളുണ്ട്. ഇവയിൽ തൊണ്ണൂററിനാലുമുതൽ നൂററിനാല്പതുവരെ പരിഭാഷകൾ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഏറെക്കുറെ 'പരിഭാഷാസൂചന'ത്തിലെ പാഠക്രമംതന്നെയാണു്

ഇവയിൽ എല്ലാം. വ്യാഡിയുടെ പരിഭാഷാസൂചനം മഹാഭാഷ്യത്തിനുമുമ്പ് നിർമിക്കപ്പെട്ടതായിരിക്കാൻ ഇടയുണ്ട്.

ചാന്ദ്രവ്യാകരണത്തിലും ശാകടായനവ്യാകരണത്തിലും അതാതിന്റേതായ പരിഭാഷാസമാഹാരങ്ങളുണ്ട്. ഇവ വ്യാഡിയുടെ പരിഭാഷാസൂചനത്തെ അവലംബിച്ച് നിർമിക്കപ്പെട്ടവയാണ്.

ക്രിസ്തുവർഷാരംഭത്തിൽ ശർവവർമൻ സ്ഥാപിച്ച കാതന്ത്രവ്യാകരണപദ്ധതിക്ക് ഏതാനും ശതാബ്ദങ്ങളോളം ഭാരതത്തിൽ മഹനീയമായ പ്രചാരം ഉണ്ടായിരുന്നു. ഈ പദ്ധതിയിൽ രണ്ടു പരിഭാഷാവൃത്തികളും രണ്ടു പരിഭാഷാപാഠങ്ങളും കാണുന്നു. ഈ വൃത്തികളിലൊന്ന് പ്രസിദ്ധ ഗ്രന്ഥകാരനായ ദുർഗസിംഹൻ നിർമിച്ചതാണ്. ഇതിൽ തൊണ്ണൂറ്റിനാല് പരിഭാഷകൾ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഭാവമിശ്രൻ രചിച്ച മറ്റേ പരിഭാഷാവൃത്തിയിൽ അറുപത്തിരണ്ടു പരിഭാഷകളേ ഉള്ളൂ. ഇവയുടെ പാഠക്രമം വ്യാഡിയുടെ പാഠക്രമത്തിൽ നിന്നു വ്യത്യസ്തമാണ്. പാണിനീയസൂത്രങ്ങൾക്ക് ജയാദിത്യനും വാമനനും ചേർന്ന് 'കാശികാവൃത്തി' നിർമിച്ചത് ക്രിസ്തുവർഷം 7-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. 'കാശികാവിവരണപഞ്ചിക' എന്നും 'ന്യാസം' എന്നും പ്രസിദ്ധമായ ജിനേന്ദ്രബുദ്ധിയുടെ കാശികാവ്യാഖ്യാനം ഏറെത്താമസിയാതെ രചിക്കപ്പെട്ടു. സിദ്ധാന്തകൗമുദിക്കു പ്രചാരം കൈവരുംവരെ കാശികാവൃത്തിയായിരുന്നു പാണിനീയവ്യാകരണ വിദ്യാർത്ഥികളുടെ പ്രഥമ പാഠപുസ്തകം. കാശികാസമ്പ്രദായത്തിൽ രചിക്കപ്പെട്ട പരിഭാഷാഗ്രന്ഥങ്ങളിൽ പുരുഷോത്തമദേവന്റെ 'ലഘു പരിഭാഷാവൃത്തി'ക്കു പ്രമുഖമായ സ്ഥാനമുണ്ട്. ഇതിൽ നൂറ്റിയിരുപതു പരിഭാഷകൾ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. പരിഭാഷകളുടെ പാഠക്രമം ഏറെക്കുറെ വ്യാഡിയുടേതുതന്നെ. ശാസ്ത്രത്വസമ്പാദകപ്രതികരണം, ബാധബീജപ്രകരണം, ശാസ്ത്രശേഷപ്രകരണം എന്നിങ്ങനെ പരിഭാഷകളെ മൂന്നു പ്രകരണങ്ങളായി ആദ്യമായി വിഭജിച്ചു കാണുന്നത് പുരുഷോത്തമദേവന്റെ 'പരിഭാഷാപാഠം' എന്ന ഗ്രന്ഥത്തിലാണ്. പുരുഷോത്തമദേവനെത്തുടർന്നുവന്ന സീരദേവന്റെ 'ബൃഹദ് പരിഭാഷാവൃത്തി'യാണ് ഈ വിഷയത്തിൽ മറ്റൊരു പ്രാമാണികഗ്രന്ഥം. മഹാഭാഷ്യത്തിൽ നിർദേശിച്ചു നൂറ്റിയിരുപത്തൊമ്പതു പരിഭാഷകൾക്കു പുറമേ, അതിൽ നിർദേശിക്കാത്ത പത്തു പരിഭാഷകൾകൂടി ഈ ഗ്രന്ഥത്തിൽ സീരദേവൻ ഉദ്ധരിച്ചിരിക്കുന്നു. സീരദേവൻ ജീവിച്ചിരുന്നതു ക്രിസ്തുവർഷം 12-ാം നൂറ്റാണ്ടിലായിരുന്നു.

18-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ കാശിയിൽ ജീവിച്ചിരുന്ന നാഗേശഭട്ടൻ രചിച്ച 'പരിഭാഷേന്ദു ശേഖര'മാണ് വ്യാകരണപരിഭാഷകളെ സംബന്ധിച്ചിടത്തോളം സർവ പ്രാമാണികമായി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന ഗ്രന്ഥം. പാഠപുസ്തകമെന്ന നിലയിൽ വിപുലമായ പ്രചാരമുള്ള പരിഭാഷേന്ദു ശേഖരത്തിന് പ്രൗഢങ്ങളോ ലളിതങ്ങളോ ആയ മുപ്പതിലേറെ വ്യാഖ്യാനങ്ങളുണ്ട്. ഇവയിൽ ഇരുപതിലേറെ എണ്ണം അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

## നാഗേശഭട്ടൻ

സംസ്കൃതവ്യാകരണത്തിന്റെ ചരിത്രത്തിൽ ഭട്ടോജിദീക്ഷിതനു ശേഷം ഏറ്റവും പ്രസിദ്ധമായ നാമം നാഗേശന്റേതത്രേ. മഹാരാഷ്ട്രത്തിലെ സതാറയിൽ 'താസ്ഗാവ്' എന്ന ഗ്രാമത്തിൽ പിറന്ന നാഗേശന്റെ വികൃതികൾകൊണ്ടു സഹികെട്ട മാതാപിതാക്കൾ വാരാണസിയിൽ പഠിക്കാൻ അദ്ദേഹത്തെ അയച്ചു എന്നു പറയപ്പെടുന്നു. കാശിയിലെ വിദ്യാകേന്ദ്രത്തിൽ പ്രാധാനാദ്ധ്യാപകന്റെ ഇരിപ്പിടത്തിൽ ചെന്നിരുന്ന നാഗേശനെ സഹപാഠികൾ കണക്കിലേറെ ശകാരിച്ചു. ഇതോടെ അദ്ദേഹം മറ്റെല്ലാം മറന്ന് പഠിപ്പിൽ മുഴുകുമെന്നു പ്രതിജ്ഞചെയ്തു. രണ്ടു ദശാബ്ദങ്ങൾകൊണ്ട് സകല വിദ്യാപാരംഗതനാവുകയും

ചെയ്തു. ഭട്ടോജിദീക്ഷിതന്റെ പൗത്രനായ ഹരിദീക്ഷിതനായിരുന്നു നാഗേശന്റെ വ്യാകരണഗുരു. വ്യാകരണം, അലങ്കാരം, ധർമശാസ്ത്രം, പുരാണവ്യാഖ്യാനം തുടങ്ങി പല വിഷയങ്ങളിൽ അമ്പതോളം പുസ്തകങ്ങൾ രചിച്ചതിനു പുറമേ നാഗേശൻ അനേകം വിദ്യാർത്ഥികളെ വ്യാകരണശാസ്ത്രം പഠിപ്പിക്കുകയുംചെയ്തു. വ്യാകരണശാസ്ത്രത്തിൽ നവ്യമതത്തിന്റെ ഉപജ്ഞാതാവായി നാഗേശൻ അറിയപ്പെടുന്നു. സിദ്ധാന്തകൗമുദിയുടെ വ്യാഖ്യാനങ്ങളായ ലഘുശബ്ദേന്ദുശേഖരം ബൃഹത്ശബ്ദേന്ദുശേഖരം, മഹാഭാഷ്യ വ്യാഖ്യാനമായ കൈയടന്റെ പ്രദീപത്തിന് ഉദ്യോതം എന്ന വ്യാഖ്യാനം; സ്വതന്ത്രകൃതികളായ പരമലഘുമഞ്ജുഷ, ലഘുമഞ്ജൂഷ, പരിഭാഷേന്ദുശേഖരം എന്നിവയാണ് നാഗേശന്റെ മുഖ്യ വ്യാകരണകൃതികൾ. അലങ്കാരശാസ്ത്രത്തിൽ കാവ്യപ്രദീപവ്യാഖ്യാനമായ ഉദ്യോതവും രസഗംഗാധരവ്യാഖ്യാനവും നാഗേശന്റെ പ്രശസ്തി നിലനിർത്തുന്നു. തന്റെ മാതാപിതാക്കൾ, സംരക്ഷകൻ എന്നിവരെപ്പററി ലഘുശബ്ദേന്ദുശേഖരത്തിൽ നാഗേശൻ ഇങ്ങനെ പറയുന്നു:

> 'പാതഞ്ജലേ മഹാഭാഷ്യേ കൃതഭൂരിപരിശ്രമഃ
> ശിവഭട്ട സുതോ ധീമാൻ സതീദേവ്യാസ്തു ഗർഭജഃ
> യാചകാനാം കല്പതരോരരികക്ഷ ഹുതാശനാത്
> ശൃംഗിവേരപുരാധീശാദ്രാമതോ ലബ്ധജീവികഃ
> നത്വാ ഫണീശം നാഗേശഃ....'

സന്താനഭാഗ്യം ലഭിക്കാതിരുന്ന നാഗേശഭട്ടൻ ശബ്ദേന്ദുശേഖരത്തെയും മഞ്ജൂഷയെയും തന്റെ മക്കളായി കണക്കാക്കി എന്നതിന് താഴെച്ചേർക്കുന്ന പദ്യം തെളിവാണ്:

> 'ശബ്ദേന്ദുശേഖരഃ പുത്രോ മഞ്ജൂഷാനാമകന്യകാ
> സ്വമതൗ സമ്യുത്പാദ്യ ശിവയോരർപ്പിതൗ മയാ.'

## പരിഭാഷേന്ദുശേഖരം

ക്രിസ്തുവർഷം 1710–ാമാണ്ടിനുശേഷം രചിക്കപ്പെട്ട പരിഭാഷേന്ദുശേഖരം നാഗേശന്റെ അവസാന രചനയാണെന്നു കരുതപ്പെടുന്നു. പരിഭാഷേന്ദുശേഖരത്തിൽ നൂററിമുപ്പത്തിമൂന്നു പരിഭാഷകൾ വിവരിക്കപ്പെടുന്നു. 'യേന നാപ്രാപ്തേയോ വിധിരാരഭ്യതേ സ തസ്യ ബാധകോ ഭവതി' എന്ന അപവാദവിവരണംകൂടി പരിഭാഷയായി ഗണിച്ചാൽ പരിഭാഷേന്ദുശേഖരത്തിൽ ആകെ നൂററിമുപ്പത്തിനാലു പരിഭാഷകളുണ്ട് എന്നും പറയാം. പുരുഷോത്തമദേവന്റെ പരിഭാഷാപാഠത്തിലെ ക്രമമാണ് നാഗേശൻ ദീക്ഷിച്ചിട്ടുള്ളത്. എന്നാൽ, നാഗേശൻ പ്രമാണമായി സ്വീകരിച്ചിട്ടുള്ളത് മഹാഭാഷ്യത്തെ മാത്രമാകുന്നു.

ശാസ്ത്രത്വസമ്പാദകപ്രകരണമെന്ന ഒന്നാം ഭാഗത്തിൽ മുപ്പത്തേഴും, ബാധബീജപ്രകരണമെന്ന രണ്ടാം ഭാഗത്തിൽ മുപ്പത്തിമൂന്നും, ശാസ്ത്രശേഷപ്രകരണം എന്ന മൂന്നാം ഭാഗത്തിൽ അറുപത്തിമൂന്നും പരിഭാഷകളാണ് പരിഭാഷേന്ദുശേഖരത്തിലുള്ളത്. 'പ്രാചീന വൈയാകരണതന്ത്രേ വാചനികാനി, അത്ര പാണിനീയ തന്ത്രേ ജ്ഞാപകന്യായസിദ്ധാനി, ഭാഷ്യവാർത്തികയോരുപനിബദ്ധാനി യാനി പരിഭാഷാ രൂപാണി, താനി വ്യാഖ്യായന്തേ' എന്ന പ്രതിജ്ഞയോടെ പരിഭാഷേന്ദുശേഖരം ആരംഭിക്കുന്നു. വാചനികങ്ങൾ, ജ്ഞാപകസിദ്ധങ്ങൾ, ന്യായസിദ്ധങ്ങൾ, ജ്ഞാപകന്യായോഭയസിദ്ധങ്ങൾ എന്ന് പരിഭാഷകളെ നാലായി വിഭജിക്കാമെന്ന് ഇതിൽനിന്നു ലഭിക്കുന്നു. പരിഭാഷകൾക്ക് ആസ്പദമായ ന്യായങ്ങളെ ലൗകികന്യായങ്ങളെന്നും ശാസ്ത്രീയന്യായങ്ങളെന്നും പിന്നെയും രണ്ടായി വിഭജിക്കാവുന്നതാണ്.

ഏതെങ്കിലും സൂത്രം വ്യാഖ്യാനിക്കുന്നതിനുള്ള ക്ലേശമോ സിദ്ധിക്കേണ്ട ഏതെങ്കിലും ശബ്ദരൂപം നിഷ്പാദിപ്പിക്കുന്നതിനുള്ള പ്രയാസമോ എടുത്തുപറ

ഞ്ഞ് അവ പരിഹരിക്കുന്നതിനുള്ള മാർഗമെന്ന നിലയിലാണ് നാഗേശൻ പ്രായേണ പരിഭാഷകളെ അവതരിപ്പിക്കുന്നത്. പരിഭാഷയുടെ അർത്ഥം വ്യാഖ്യാനിച്ച് അതുകൊണ്ടു സിദ്ധിക്കുന്ന പ്രയോജനം വിവരിച്ചശേഷം പരിഭാഷയ്ക്കാധാരമായ ന്യായമോ, അങ്ങനെ ഒരു പരിഭാഷ പാണിനിക്കു സമ്മതമാണെന്നു സൂചിപ്പിക്കുന്ന ജ്ഞാപകസൂത്രമോ നാഗേശൻ എടുത്തുകാട്ടുന്നു. ഭാഷ്യകാരനോ, ഭാഷ്യവ്യാഖ്യാതാവായ കൈയടനോ ഈ പരിഭാഷയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്ന വസ്തുത ഉപസംഹാരരൂപത്തിൽ പ്രസ്താവിക്കുകയുംചെയ്യുന്നു.

'മഹേശ്വരസൂത്രങ്ങളിൽ 'അ, ഇ, ഉൺ' എന്ന പ്രഥമസൂത്രത്തിലും 'ലൺ' എന്ന ഷഷ്ഠസൂത്രത്തിലും ഒരേ ണകാരാനുബന്ധം ഉള്ളതുകൊണ്ട് 'അൺ' എന്നും 'ഇൺ' എന്നുമുള്ള പ്രത്യാഹാരങ്ങളുടെ അർത്ഥം എന്തെന്നു നിർണയിക്കുക പ്രയാസമായിത്തീരും. ഈ സന്ദേഹം പരിഹരിക്കുന്നതിനുവേണ്ടി പറയുന്നു' എന്ന അവതാരികയോടെയാണ് 'വ്യാഖ്യാനതോ വിശേഷപ്രതിപത്തിർനഹി സന്ദേഹാദലക്ഷണം' എന്ന ആദ്യപരിഭാഷ നാഗേശൻ ഉദ്ധരിക്കുന്നത്. ഒന്നിലധികം അർത്ഥം വരാമെന്നിരിക്കെ ഏത് അർത്ഥം സ്വീകാര്യമെന്നു തീരുമാനിക്കുന്നതിൽ ശിഷ്ടകൃതമായ വ്യാഖ്യാനമാണ് പ്രമാണം. വ്യാകരണശാസ്ത്രത്തിന്റെ പ്രയോജനം അനുഷ്ഠാനത്തിൽ (ശബ്ദപ്രയോഗത്തിൽ) ഉള്ള സന്ദേഹം പരിഹരിക്കലാണ് എന്നിരിക്കേ മഹേശൻ സന്ദേഹമുളവാക്കുംവിധത്തിൽ ഒരേ ണകാരാനുബന്ധം രണ്ടു സൂത്രങ്ങളിൽ ഘടിപ്പിച്ചത്, സന്ദേഹവൃത്തിക്കായി വ്യാഖ്യാനത്തെ അവലംബിക്കണമെന്നും വ്യാഖ്യാനത്തെയല്ലാതെ മറ്റൊന്നിനെയും അവലംബിക്കേണ്ടതില്ലെന്നും ദ്യോതിപ്പിക്കാനാണ്. അതിനാൽ 'അണുദിത്സവർണസ്യചാപ്രത്യയഃ(1-1-69) എന്ന സവർണഗ്രാഹകസൂത്രത്തിൽ മാത്രം 'അൺ' എന്ന പ്രത്യാഹാരത്തിലെ ണ കാരം ലൺസൂത്രസ്ഥമാണ്; മറ്റെല്ലാ സ്ഥലങ്ങളിലും അൺ ശബ്ദത്തിലെ ണ കാരം 'അ ഇ ഉൺ' സൂത്രസ്ഥമാണ്; ഇൺ പ്രത്യാഹാരമാകട്ടെ എല്ലായിടത്തും ലൺ സൂത്രസ്ഥ ണകാരത്തോടു കൂടിയാണ് എന്ന് ലൺ സൂത്രഭാഷ്യത്തിൽ പറഞ്ഞത് ഇവിടെ പ്രമാണമാക്കിക്കൊള്ളണമെന്ന് ഈ ചർച്ച നാഗേശൻ ഉപസംഹരിക്കുന്നു.

അഷ്ടാദ്ധ്യായിയിൽ ഒന്നാമദ്ധ്യായത്തിൽ ഒന്നാം പാദത്തിൽ ഒന്നാമത്തേതായ 'വൃദ്ധിരാദൈച്' എന്ന സൂത്രംകൊണ്ട് ആ, ഐ, ഔ എന്നീ സ്വരങ്ങൾക്ക് വൃദ്ധി എന്ന പേരുണ്ടെന്ന് പാണിനി നമ്മെ അറിയിക്കുന്നു. ആറാം അദ്ധ്യായത്തിൽ ഒന്നാം പാദത്തിൽ എൺപത്തെട്ടാം സൂത്രമായ 'വൃദ്ധിരേചി' എന്ന സൂത്രത്തിന് അർത്ഥം, അകാരം കഴിഞ്ഞ് ഏ, ഓ, ഐ, ഔ എന്ന സ്വരങ്ങൾ വന്നാൽ അകാരത്തിനും അവയ്ക്കുംകൂടി ആദേശമായി വൃദ്ധി വരും എന്നാണ്. സംജ്ഞാസൂത്രത്തെ ഈ വൃദ്ധിവിധായകസൂത്രത്തോട് ചേർത്ത് ഏകവാക്യമായി അന്വയിച്ച് 'ആ, ഐ, ഔ എന്ന രൂപത്തിലുള്ള വൃദ്ധിവരും' എന്നു മനസ്സിലാക്കുമ്പോഴേ വൃദ്ധിവിധായകസൂത്രത്തിന്റെ അർത്ഥം വ്യക്തമാകയുള്ളു. ഇതിനായി ഒന്നുകിൽ സംജ്ഞാസൂത്രത്തെ വിധായകസൂത്രത്തിന്റെ അടുത്തേക്കു കൊണ്ടുപോകണം; അല്ലെങ്കിൽ വിധിസൂത്രങ്ങളെ സംജ്ഞാസൂത്രത്തിനടുത്തേക്കു കൊണ്ടുവരണം. സംജ്ഞയുടെ കാര്യത്തിൽ പറഞ്ഞത് പരിഭാഷയുടെ കാര്യത്തിലും പ്രസക്തമാണ്. ഇപ്പറഞ്ഞ രണ്ടു മാർഗങ്ങളിൽ ഏതാണു സ്വീകാര്യം? രണ്ടു വിധത്തിലും അർത്ഥഗ്രഹണം ആകാമെന്നാണ് പാണിനിയുടെ അഭിമതം. വിധിസൂത്രങ്ങളെ സംജ്ഞാപരിഭാഷകൾക്കടുത്തു കൊണ്ടുപോയി അർത്ഥം ഗ്രഹിക്കുന്ന സമ്പ്രദായത്തിന് 'യഥോദ്ദേശപക്ഷം' എന്നും സംജ്ഞാപരിഭാഷകളെ വിധിസൂത്രങ്ങൾക്കടുത്തു കൊണ്ടുപോയി അർത്ഥം ഗ്രഹിക്കുന്ന സമ്പ്രദായത്തിന് 'കാര്യകാലപക്ഷം' എന്നും പേർ.

അഷ്ടാദ്ധ്യായിയിൽ എട്ടാമദ്ധ്യായത്തിൽ രണ്ടാം പാദത്തിൽ ഒന്നാമത്തെ സൂത്രം 'പൂർവത്രാസിദ്ധം' എന്നാണ്. ഇതൊരു അധികാരസൂത്രം ആകയാൽ തുടർന്നു വരുന്ന എല്ലാ സൂത്രങ്ങളിലും ഇതു ചേർത്ത് അർത്ഥം പറയണം. അതി

നാൽ, അഷ്ടാദ്ധ്യായിയിൽ അവസാനത്തെ മൂന്നു പാദങ്ങളിലെ സൂത്രങ്ങളെ സപാദസപ്താദ്ധ്യായിയിലെ സൂത്രങ്ങൾ അറിയുകയില്ല. മൂന്നു പാദങ്ങളിൽ തന്നെ മുന്നോട്ടുമുന്നോട്ടുള്ള സൂത്രങ്ങളെ പിന്നിലുള്ള സൂത്രങ്ങൾ അറിയുകയില്ല. രണ്ടാം സൂത്രത്തെ സപാദസപ്താദ്ധ്യയിയും ത്രിപാദിയിലെ ഒന്നാം സൂത്രവും മൂന്നാം സൂത്രത്തെ സപാദസപ്താദ്ധ്യായിയും ത്രിപാദിയിലെ രണ്ടും ഒന്നും സൂത്രങ്ങളും അറിയുകയില്ല എന്ന തരത്തിലുള്ള ഈ സങ്കല്പം നിമിത്തം, അവസാനത്തെ മൂന്നു പാദങ്ങൾ (ത്രിപാദി) 'അസിദ്ധകാണ്ഡം' എന്നറിയപ്പെടുന്നു. യഥോദ്ദേശപക്ഷത്തിൽ സംജ്ഞകളും പരിഭാഷകളും അസിദ്ധകാണ്ഡത്തിൽ പ്രവർത്തിക്കാതെ വരും; അതിനാൽ അവിടെ കാര്യകാലപക്ഷം അവലംബിക്കണം. ആവശ്യംപോലെ രണ്ടു പക്ഷവും അവലംബിക്കാമെന്ന് 'യഥോദ്ദേശം സംജ്ഞാപരിഭാഷം', 'കാര്യകാലം സംജ്ഞാപരിഭാഷം' എന്നീ പരിഭാഷകൾ നമ്മെ ബോധിപ്പിക്കുന്നു. ഈ രണ്ടു പരിഭാഷകളും വാചനികികളാകുന്നു. ഇതുപോലെ 'ഉപപദവിഭക്തേഃ കാരകവിഭക്തിർ ബലീയസി' 'അനന്ത്യവികാരേന്ത്യസദേശസ്യ' മുതലായ പരിഭാഷകളും വാചിനികികൾതന്നെ.

വിഷ്ണുവാചകമായ 'അഃ' എന്ന പ്രാതിപദികത്തിൽനിന്ന് അപത്യം എന്ന അർത്ഥത്തിൽ 'ഇഞ്' പ്രത്യയം വന്ന് 'ഇഃ'എന്ന രൂപം സിദ്ധിക്കണം. 'അത ഇഞ്' (4–1–95) എന്ന സൂത്രംകൊണ്ടു് ഇഞ് പ്രത്യയം വിധിക്കുന്നതു് അകാരാന്തത്തിൽനിന്നാണ്. കേവലമായ അകാരം അകാരാന്തമാകുന്നതെങ്ങനെ? ഇവിടെ ഒരു ലൗകികന്യായം നമ്മുടെ തുണയ്ക്കെത്തുന്നു. ഏകപുത്രനെ ചൂണ്ടിക്കാട്ടി 'ഇവൻ എന്റെ ജ്യേഷ്ഠപുത്രനും കനിഷ്ഠപുത്രനുമാണ്' എന്നു പറയുന്നതു സാധാരണമാണല്ലൊ. ഇതുപോലെ, കേവലമായ അകാരത്തെ അകാരാദിയായ പ്രാതിപദികമെന്നും അകാരാന്തമായ പ്രാതിപദികമെന്നും പറയാം എന്ന് 'വ്യപദേശിവദേകസ്മിൻ' എന്ന പരിഭാഷ ഉദ്ബോധിപ്പിക്കുന്നു. ലൗകികന്യായസിദ്ധമായ പരിഭാഷയ്ക്കു് ഇതു് ഉദാഹരണമാകുന്നു.

രാമ ശബ്ദത്തോടു് 'ഔ' എന്ന പ്രഥമാദ്വിവചനം ചേർത്തു് അകാര ഔകാരങ്ങൾ തമ്മിൽ 'വൃദ്ധിരേചി' (6–1–88) എന്ന സൂത്രംകൊണ്ടു നിർദിഷ്ടമായ സന്ധി വരുത്തുമ്പോൾ രാമൗ എന്ന രൂപം ലഭിക്കുന്നു. ഇതു പദമാകുന്നതെങ്ങനെ? 'സുപ്തിങന്തം പദം' (1–4–14) എന്ന സൂത്രംകൊണ്ടു വിധിക്കുന്ന പദസംജ്ഞ 'പ്രത്യയഗ്രഹണേയസ്മാത്സ വിഹിതസ്തദാദേസ്തദന്തസ്യഗ്രഹണം' എന്ന പരിഭാഷപ്രകാരം ഏതിൽനിന്ന് 'ഔ' വിധിച്ചുവോ ആ ശബ്ദത്തോടു് ഔ ചേർത്തുണ്ടാകുന്ന രൂപത്തിനേ കിട്ടുകയുള്ളൂ. ഔ വിധിച്ചതു് 'രാമ' ശബ്ദത്തിൽനിന്നാണ്; അതിലെ അകാരം ഇവിടെ നഷ്ടപ്പെട്ടിരിക്കുന്നു. 'ആദ്യന്തവദേകസ്മിൻ' (1–1–21)എന്ന സൂത്രംകൊണ്ടു് ഏകാദേശമായ ഔകാരത്തെ പ്രാതിപദികത്തിന്റെ അവസാനാക്ഷരമോ പ്രത്യയത്തിന്റെ ആദ്യക്ഷരമോ ആയി കണക്കാക്കാം. പക്ഷേ, ഒരേ സമയം അതിനെ പ്രാതിപദികാന്തവും പ്രത്യയാദിയുമായി കണക്കാക്കിക്കൂടാ എന്ന് 'ഉഭയത ആശ്രയണേ നാന്താദിവദ്' എന്ന പരിഭാഷ അനുശാസിക്കുന്നു. അതിനാൽ 'രാമൗ' എന്നതിനു് പദസംജ്ഞ ലഭിക്കുകയില്ല എന്ന കുഴപ്പത്തെ 'ഏകദേശവികൃതമനന്യവത്' എന്ന പരിഭാഷ പരിഹരിക്കുന്നു. ഈ പരിഭാഷപ്രകാരം അല്പവികാരമായ അകാരലോപം വന്ന 'രാമ്' എന്ന ശബ്ദവും 'സുബ്' വിഭക്തിയുടെ പ്രകൃതി(ഏതിൽനിന്ന് സുപ് പ്രത്യയം വിധിച്ചുവോ തദാദി)തന്നെ. വാൽ മുറിച്ചു കളഞ്ഞാലും നായ നായയല്ലാതാകുന്നില്ല എന്ന ലൗകികന്യായമാണ് ഈ പരിഭാഷയുടെ ആധാരം.

'വൃദ്ധി' എന്ന സംജ്ഞ, 'ആ — ഐ — ഔ' എന്ന സമൂഹത്തിനല്ലാതെ, ആ സമൂഹത്തിന്റെ ഘടകങ്ങളായ മൂന്നു വർണങ്ങൾക്കു വെവ്വേറെ വരുന്നതിനായി അംഗീകരിക്കപ്പെട്ട 'പ്രത്യേകം വാക്യ പരിസമാപ്തിഃ' എന്ന പരിഭാഷയുടെ ആധാരം ലൗകികമായ 'ദേവദത്താദി ഭോജനന്യായ'മാകുന്നു. സംയോഗം, സമാസം, അഭ്യസ്തം എന്നീ സംജ്ഞകൾ ഘടകങ്ങൾക്കല്ലാതെ സമൂഹത്തിനു

മാത്രം വരുന്നതിനാവശ്യമായ 'ക്വചിത് സമുദായേപി' എന്ന പരിഭാഷയുടെ അടിസ്ഥാനമാകട്ടെ ലൗകികമായ ഗർഗദണ്ഡന്യായം (ഗർഗാഃ ശതം ദണ്ഡ്യന്താം; അർഥിനശ്ച രാജാനോ ഹിരണ്യേന ഭവന്തി) അത്രേ.

അളക്കുന്നവൾ എന്ന അർഥത്തിൽ മാതൃശബ്ദത്തിൽനിന്ന് 'ഋന്നേഭ്യോ ങീപ്' (4-1-5) എന്ന സ്ത്രീപ്രത്യയം വന്ന് 'മാത്രീ' എന്ന രൂപം സിദ്ധിക്കേണ്ടതുണ്ട്. മാതൃശബ്ദം സ്വസ്രാദിഗണത്തിൽ പഠിതമാണ്. 'ന ഷട്സ്വസ്രാദിഭ്യഃ' (4-1-10) എന്ന ങീപ് നിഷേധം ജനനീവാചകമായ മാതൃശബ്ദത്തിൽ വരണം; അളക്കുന്നവൾ എന്ന അർത്ഥത്തിലുള്ള മാത്രീ ശബ്ദത്തിൽ വരികയുമരുത്. ഇതിനുവേണ്ടി 'അവയവപ്രസിദ്ധേഃ സമുദായപ്രസിദ്ധിർ ബലീയസീ' എന്ന പരിഭാഷ അംഗീകരിക്കപ്പെട്ടിരിക്കുന്നു. മീമാംസയിലെ രഥകാരാധികരണന്യായമാണ് ഈ പരിഭാഷയുടെ മൂലം. 'രഥകാരോഗ്നീനാദധീത' എന്ന അഗ്ന്യാധാനം രഥം ഉണ്ടാക്കുന്ന ബ്രാഹ്മണാദികളെ ഉദ്ദേശിച്ചല്ല, രഥകാരൻ എന്ന സങ്കരജാതീയനെ ഉദ്ദേശിച്ചാണ് വിധിക്കപ്പെട്ടിരിക്കുന്നത്. ക്ഷത്രിയന് വൈശ്യസ്ത്രീയിലുണ്ടായ പുത്രൻ മാഹിഷ്യൻ; വൈശ്യന് ശൂദ്രസ്ത്രീയിലുണ്ടായ മകൾ കരണി, മാഹിഷ്യന് കരണിയിലുണ്ടായ പുത്രൻ രഥകാരൻ. ഈ അർഥത്തിൽ രഥകാരപദം രൂഢമാകുന്നു. 'യോഗജബോധേതദനാലിംഗിത ശുദ്ധ രൂഢിജോപസ്ഥിതിഃ പ്രതിബന്ധികാ' എന്നൊരു നിയമം അനുഭവബലാൽ കല്പിക്കണമെന്ന് രഥകാരാധികരണന്യായം സ്ഥാപിക്കുന്നു.

പ്രകൃതിനിയമങ്ങളെപ്പോലെ അപരിവർത്തനീയങ്ങളോ ധാർമിക നിയമങ്ങളെപ്പോലെ അയവില്ലാത്തവയോ അല്ല വ്യാകരണനിയമങ്ങൾ. ചായ്ച്ചും ചെരിച്ചും കെട്ടാവുന്ന കുടുമയെപ്പോലെ വ്യാകരണനിയമങ്ങളെയും ആവശ്യംപോലെ വളച്ചൊടിക്കാം. പ്രാമാണികപ്രയോഗങ്ങളിലുള്ള ശബ്ദരൂപങ്ങൾ സിദ്ധിക്കുകയാണ് ഈ നിയമങ്ങളുടെ പ്രയോജനം. അതിനാൽ, യഥോദ്ദേശം സംജ്ഞാപരിഭാഷം, കാര്യകാലം സംജ്ഞാപരിഭാഷം, അനേകാന്താ അനുബന്ധാഃ ഏകാന്താഃ, ഏകയോഗനിർദിഷ്ടാനാം സഹ വാ പ്രവൃത്തിഃ സഹ വാ നിവൃത്തിഃ — ക്വചിദേകദേശോപ്യനുവർത്തതേ, ഉണാദയോ വ്യുത്പന്നാനി പ്രാതിപദികാനി — ഉണാദയോ അവ്യുത്പന്നാനിപ്രാതിപദികാനി, പൂർവപരനിത്യാന്തരംഗാപവാദാനാം ഉത്തരോത്തരം ബലീയഃ — പുനഃപ്രസംഗവിജ്ഞാനാത് സിദ്ധം, യസ്യ ച ലക്ഷണാന്തരേണ നിമിത്തം വിഹന്യതേ ന തദനിത്യം — യസ്യ ച ലക്ഷണാന്തരേണ നിമിത്തം വിഹന്യതേ തദപ്യനിത്യം, പ്രത്യേകം വാക്യപരിസമാപ്തിഃ — ക്വചിത് സമുദായേപി എന്നിങ്ങനെ പരസ്പരവിരുദ്ധങ്ങളായ പരിഭാഷകളും, ഉഭയ ഗതിരിഹ ഭവതി, സർവോ ദ്വന്ദ്വോ വിഭാഷയൈകവദ് ഭവതി, സർവേവിധയശ്ഛന്ദസി വികല്പ്യന്തേ, സമാസാന്തവിധിരനിത്യഃ, സംജ്ഞാപൂർവക വിധേരനിത്യത്വം, ആഗമശാസ്ത്രമനിത്യം, ഗണകാര്യമനിത്യം, അനുദാത്തേത്ത്വ ലക്ഷണമാത്മനേപദമനിത്യം, നഞ്ഘടിതമനിത്യം, ജ്ഞാപകസിദ്ധം ന സർവത്ര എന്നിങ്ങനെ വികല്പവിധായകങ്ങളായ പരിഭാഷകളും നമുക്കു ധാരാളമായി കാണാൻ കഴിയുന്നു.

## 11. സംസ്കൃതം പുനർജീവിക്കുമോ?

ത്രിഭാഷാ പദ്ധതി അംഗീകരിക്കപ്പെട്ടതോടെ ഇന്ത്യയിലെ വിദ്യാഭ്യാസ വ്യവസ്ഥയിൽനിന്ന് സംസ്കൃതം ഏറെക്കുറെ പൂർണമായി നിഷ്കാസനം ചെയ്യപ്പെട്ടിരിക്കുകയാണല്ലൊ. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലൂടെ ലഭിക്കേണ്ടത് വിദ്യാർഥികളുടെ ജന്മാവകാശം ആണെന്ന മൗലികതത്വം നാം സ്വീകരിച്ചിരി